**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1446** **19-06-2024 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നഷ്ടപ്പെട്ട അധ്യാപകരെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഒൻപത്, പത്ത് ക്ലാസുകളിലെ അധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടായി അനുവദിച്ചിരുന്ന 1:40 എന്ന അനുപാതം എടുത്തുകളയുക വഴി തൊഴിൽ നഷ്ടപ്പെട്ട ആയിരക്കണക്കിന് അധ്യാപകരെ സംരക്ഷിക്കുവാനായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ 1:40 അനുപാതത്തിന് വ്യവസ്ഥയില്ല. 1:40 അനുപാതം ചട്ടപ്രകാരമുള്ള അവകാശമോ, ആനുകൂല്യമോ അല്ല. 9, 10 ക്ലാസ്സുകളിൽ കെ.ഇ.ആർ ചട്ടങ്ങൾ പ്രകാരമുള്ള അധ്യാപക വിദ്യാർത്ഥി അനുപാതം 1:45 എന്ന നിരക്കിലാണ്. സ.ഉ.(കൈ)നം. 220/2022/പൊ.വി.വ തീയതി 02-12-2022 പ്രകാരം 2022-23 അധ്യയന വർഷത്തേക്ക് കൂടി, നിലവിലുള്ള കെ.ഇ.ആർ ചട്ടങ്ങൾക്ക് ഇളവ് നൽകിക്കൊണ്ട് 1:40 അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത ഇളവ് 2023-2024 വർഷം മുതൽ അനുവദിക്കുന്നതല്ലെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ